# വചസ്

## സെന്റ് ജോൺസ് എച്ച് എസ്

## എസ്, പുളിന്താനം



# ആശംസ

കുട്ടികളുടെ കലാവാസന പരിപോഷിപ്പിക്കുന്ന ലിറ്റിൽകൈറ്റ്സിന്റെ മാഗസിനും അതിന്റെ അണിയറ പ്രവർത്തകർക്കും ആശംസകൾ നേരുന്നു.കുട്ടികളുടെ കഴിവും കലാവാസനയും പ്രകടിപ്പിക്കുവാൻ ഈ മാഗസിനിലൂടെസാധിച്ചിരിക്കുന്നു.ഇനിയും ഇതുപോലുള്ള മാഗസിനുകൾ പ്രസിദ്ധീകരിക്കാനും ലോകം അറിയത്തക്കവിധം കുട്ടികളുടെ കഴിവുകൾ വളരുവാനും ഞാൻ ആശംസിക്കുന്നു.

**ശ്രീമതി  മേരി പൗലോസ്**

**ഹെഡ് മിസ്ട്രസ്**

# ആശംസ

'വചസ് 'എന്ന മാഗസിന്റെ രചനയിൽ പങ്കെടുത്ത ലിറ്റിൽ കൈറ്റ്സിലെ എല്ലാ കുട്ടികൾക്കും എന്റെഹൃദയം നിറഞ്ഞ ആശംസകൾ

**ഷാന്റി ടീച്ചർ**

# ആശംസ

ഒൻപതാം ക്ലാസ്സിലെ വിദ്യാർത്ഥികളും അധ്യാപകരും ഒരുമിച്ച് ഒരുമയോടെ ചെയ്യുന്ന ഈ മാഗസിന് എല്ലാ വിധ ആശംസകളും.

**ആശ. സി. യാക്കോബ്**

**എച്ച്. എസ്. എ[S.S]**




# FELICITATION

Imagination lead to creations, creations cause compliance and entice the readers. Creativity relies on imagination.

I do appreciate the efforts taken by the magazine crew consisting of faculty members and students.

I WISH ALL THE VERY BEST.



# JAMES JACOB

## HSA, SOCIAL SCIENCE





# ആശംസ

പ്രിയ കുട്ടികളെ നിങ്ങളുടെ വരകളും കഥകളും കുഞ്ഞിക്കവിതകളും പുതുമയാർന്ന മറ്റനേകം വിഭവങ്ങളും ചേർന്നുള്ള മാസികയുടെ പണിപ്പുരയിലാണെന്നറിഞ്ഞതിൽ വളരെ  സന്തോഷം.ഈ എഴുത്തുകളിലൂടെ നിങ്ങളുടെ സർഗ്ഗാത്മകതയുടെഅനന്ത സാധ്യതകൾ പറന്നുയർന്ന് നക്ഷത്ര ശോഭയാർന്ന് ജ്വലിക്കട്ടെ

**സ്നേഹപൂർവ്വം ബിൻസി ടീച്ചർ**



# ആശംസ

കുട്ടികളിൽ അന്തർലീനമായി കിടക്കുന്ന കഴിവുകളെ പരിപോഷിപ്പിക്കാനും പ്രകടിപ്പിക്കാനും അവസരം നൽകിയ ലിറ്റിൽ കൈറ്റ്സ് മാഗസിൻ ''വചസി'ന് എല്ലാ ഭാവുകളും നേരുന്നു.

**ബിനീത ടീച്ചർ**

**കണക്ക്ടീച്ചർ**




# Editorial

In this magazine we have tried our best to make it impressively. Isn’t it rightly said, ‘A flower makes no garland.’Thus this magazine is not the out come of the effort put in by an individual, but is the immense effort put forward by the editorial board. We apologize for shortcomings and hope you will cherish our efforts.

Thanking You

Editor:Ganga Devi B S



## എഡിറ്റോറിയൽ അംഗങ്ങൾ

ഗംഗാദേവി ബി എസ്-എഡിറ്റർ

അംഗങ്ങൾ--കുട്ടികൾ

എമിൻ റോയ്

അസ്ലിയ നവാസ്

ആദില മുഹമ്മദ്

ഫാത്തിമത്തുൽ സുഹറ

അശ്വതി

അക്സ

അധ്യാപകർ

ഷക്കീല വി എം

ബിനീത ടീച്ചർ



**ഉള്ളടക്കം**


മഹാത്മാഗാന്ധി

ഗാന്ധിജിയുടെവചനങ്ങൾ

കേരളംഅന്നും ഇന്നും

ഗാന്ധിജിയുടെ പ്രസിദ്ധമായ പ്രസംഗത്തിൽ നിന്ന്

അമ്മ മാലാഖ

അമ്മ

നല്ല സുഹൃത്തുക്കൾ

മഴയുംകിളിയും

നീന്തികളിക്കാം ഓടികളിക്കാം

ഇന്ത്യൻ ദേശീയ

ആപ്പിൾ  കള്ളൻ

ആശ്രയം

മരകാപ്പിലെ തെയ്യങ്ങൾ

NATURE

SAILOR

TAGORE

MOMMYILOVE YOU

അപ്പുവിന്റെ ആഗ്രഹം

അമ്മ എന്ന സ്നേഹം

പത്തിരി പ്പാത്തു

GURU

വണ്ടർക്കാർ

പഴഞ്ചൊല്ലുകൾ

GUGLIELMO GIOVANNI MARIA MARCONI

DIWALI

അമ്മ


അമ്മയാണെല്ലാം

പുതുവർഷം

ഗംഭീര ഗിങ്കോ



# മഹാത്മാഗാന്ധി



ഇരുപതാം നൂറ്റാണ്ടിൽ ഭൂമുഖത്ത് ജീവിച്ചിരുന്ന ഏറ്റവും മഹത്വമാർന്ന മനുഷ്യനായിരുന്ന മോഹൻദാസ് കരം ചന്ദ്

ഗാന്ധി.ആത്മനിഷ്ഠവും സത്യാധിഷ്ഠിതവുമായ ഒരു ആദർശമാർഗത്തിന്റെ കണ്ടെത്തലും ഏത് പ്രതിസന്ധിയിലും സമ്മർദത്തിലും തന്റെ ആദർശങ്ങളോട് വിട്ടുവീഴ്ച അനുവദിക്കാത്ത ഏകാഗ്രമായ മനസ്സും മറ്റ് നേതാക്കന്മാരിൽ നിന്നും ഗാന്ധിജിയെ വേർ തിരിച്ച് നിർത്തുന്നു.വാക്കും പ്രവർത്തിയും തമ്മിൽ അന്തരമില്ലെന്ന് ഗാന്ധിജി ലോകത്തിന് കാണിച്ചു കൊടുത്തു.ഗാന്ധിജിയെ "മഹാത്മ" എന്ന് അഭിസംബോധന ചെയ്തത് രവീന്ദ്രനാഥ ടാഗോറും "രാഷ്ട്രപിതാവ് "എന്ന് അഭിസംബോധന ചെയ്തത്  നേതാജി സുഭാഷ് ചന്ദ്രബോസും ആയിരുന്നു.1868 ൽ ജനിച്ച ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ അഭിഭാഷകനായി സേവനമനുഷ്ഠിക്കുന്ന കാലത്താണ് സത്യാഗ്രഹം എന്ന സമരമാർഗം

വികസിപ്പിച്ചെടുക്കുന്നത്.ഒന്നാംലോക മഹായുദ്ധത്തിന് ശേഷം ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ അമരക്കാരനായിത്തീർന്ന ഗാന്ധിജി.മുപ്പത് കൊല്ലക്കാലം ഇന്ത്യൻ ജനതയുടെ സ്വാതന്ത്ര്യസമരയജ്ഞങ്ങൾക്ക് ചുക്കാൻ പിടിച്ചു.ദക്ഷിണാഫ്രിക്കയില് നിന്നും ഗാന്ധിജി ഇന്ത്യയിലെത്തുന്നത് 1914-ലാണ്.

ആഫ്രിക്കയിലെ അടിച്ചമർത്തപ്പെട്ടവരുടെ ഉന്നമനത്തിനായി ഗാന്ധിജി നടത്തിയ സമരങ്ങൾ ഇതിനോടകം തന്നെ ഇന്ത്യയിലും ്ദ്ദേഹത്തെ പ്രസിദ്ധനാക്കിയിരുന്നു. ഇന്ത്യയിൽ ഗാന്ധിജി പങ്കെടുത്ത ആദ്യസമരം  1917 ൽ ബീഹാറിലെ ചമ്പാരനിൽ നീലം കൃഷിക്കാരുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടാണ്.ചമ്പാരൻ വിടാനുള്ള സർക്കാർ ഉത്തരവ് ലംഘിച്ച് കൊണ്ടാണ് ഗാന്ധിജി സമരം നയിച്ചത്.1918 ൽ അഹമ്മദാബാദിലെ ടെക്സ്റ്റൈൽതൊഴിലാളികളുടെ വേതന വർദ്ധനവ് ആവശ്യപ്പെട്ട് നടത്തിയ സമരത്തിലും ഗുജറാത്തിലെ കർഷകർ നടത്തിയ സമരത്തിലും ഗാന്ധിജി പങ്കെടുത്തു.ക്രമേണ ദേശീയ നേതാവായി അദ്ദേഹം മാറി.ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന നിസ്സഹരണ പ്രസ്ഥാനം,സിവിൽ     നിയമലംഘന

**പ്രസ്ഥാനം,ക്വിറ്റ് ഇന്ത്യാസമരം എന്നിവ ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ പ്രധന ഏട്ടുകളായിരുന്നു.**



**ഹിന്ദു-മുസ്ലിം ഐക്യത്തിന്റെ പ്രവാചകനായിരുന്ന ഗാന്ധിജി അതിനുവേണ്ടി അക്ഷീണ പ്രയത്നം നടത്തിയിരുന്നു.കൂടാതെ ഗ്രാമീണ ജനതയുടെയും തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരുമായ**

**ജനവിഭാഗങ്ങളുടെയുംഉന്നമനത്തിന് വേണ്ടി അദ്ദേഹം യത്നിച്ചു.ഗ്രാമീണജനതയുടെ ഉയർച്ചയായിരുന്നു**

**അദ്ദേഹത്തിന്റെ സ്വപ്നം.കുടിൽ വ്യവസായങ്ങൾക്ക് വേണ്ടി നിലകൊണ്ടിരുന്ന അദ്ദേഹം ഖാദിയുടെ പ്രചാരണത്തിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്.**

**നബീൽ**



# ഗാന്ധിജിയുടെ വചനങ്ങൾ



- "എവിടെയാണോ സത്യമുള്ളത് അവിടെ യഥാർഥ ജ്ഞാനവുമുണ്ട്.എവിടെ സത്യമില്ലയോ അവിടെ യഥാർഥ ജ്ഞാനവും കാണുകയില്ല.അതുകൊണ്ടാണ് ദൈവത്തെ ബന്ധപ്പെടുത്തി ചിത് എന്ന പദം ഉപയോഗിക്കുന്നത്.യഥാർഥ ജ്ഞാനം ഉള്ളിടത്ത് എല്ലായ്പ്പോഴും ആനന്ദവുമുണ്ട്. അവിടെ മുഖത്തിന് അടിസ്ഥാനമില്ല.സത്യം അനശ്വരമാണ്.സത്യത്തിൽ നിന്ന് ഉറവെടുക്കുന്ന ആനന്ദവും അങ്ങനെ തന്നെ.”

- "അഹിംസയുടെ ശരിക്കുള്ള അർഥം ആരെയും ക്ലേശിപ്പിക്കാതിരിക്കുക എന്നാണ്.വച്ചുപുലർത്തിക്കൂടാ എന്നല്ല.അഹിംസയാണ് പരമമായ

മതം.സത്യം സ്വയം പ്രകടമാണ്.അതിന്റെ പാകം വന്ന കനിയാണ് അഹിംസ.”

- "ആരും തന്നെ തൊട്ടുകൂടാത്തവരായി പിറക്കുന്നില്ല.എല്ലാവരും ഒരേയൊരു അഗ്നിയിൽനിന്നു പൊട്ടിയുതിരുന്ന സ്ഫുലിംഗങ്ങളാണ്.ചില മനുഷ്യരെ മാത്രം ജന്മനാ തൊട്ടുകൂടാത്തവരെന്ന് കരുതുന്നത് തെറ്റാണ്.അയിത്തം ഹിന്ദുമതത്തിലെ ഏറ്റവും വലിയ തെറ്റാണെന്ന് ഞാൻ കരുതുന്നു.”
- "സ്വാതന്ത്ര്യമെന്നത് ഇന്ത്യയിലെ ജനങ്ങളുടെ സ്വാതന്ത്ര്യമായിരിക്കണം.അവരെ ഭരിക്കുന്നത് അസ്വാതന്ത്ര്യമായിരിക്കരുത്.സ്വാതന്ത്ര്യം താഴെ നിന്ന് ആരംഭിക്കണം.ഓരോ ഗ്രാമവും കഴിയുന്നിടത്തോളം സ്വയം പര്യാപ്തമാകണം.സ്വാതന്ത്ര്യത്തിന്റെ അർഥം സ്വാശ്രയത്വമാണ്.”
- "നമ്മുടെ ആവശ്യങ്ങൾ തൃപ്തി പ്പെടുത്തുന്നതിന് വേണ്ടുന്ന വക പ്രകൃതി നിത്യവും ഉല്പ്പാദിപ്പിച്ചുകൊണ്ടിരിക്കുകയാണ്.അതുകൊണ്ട് ഓരോ മനുഷ്യനും അവനവന്റെ ആവശ്യത്തിനുമാത്രം കൈകൊള്ളുകയും കൂടുതലൊന്നും എടുക്കാതിരിക്കുകയും ചെയ്താൽ ഈലോകത്തിൽ ദാരിദ്ര്യമെന്ന ഒന്ന് ഉണ്ടാവുകയില്ല.ആരും പട്ടിണി കിടന്ന് ചാവുകയുമില്ല.”

# കേരളം അന്നും ഇന്നും

കേരങ്ങളുടെ  നാടായ

കേരളമെന്നഭിമാനത്തോടെ

എന്നും മനുഷ്യരിൽ നിറഞ്ഞു നിന്നു



അന്ന്   ഓരോരുത്തരും

പാടങ്ങളിൽ ജോലിചെയ്ത്.

നെൽ നാമ്പുകൾക്ക്  പരിചരണം നൽകി

ഇന്ന്  നെല്ലിന്റെ   ചെടി

ഒന്ന്  പോലും കാണുന്നില്ല

കൂറ്റൻ കെട്ടിടങ്ങളും മനോഹരമായ വീടുകളും

കേരളമാകെ നിറഞ്ഞു നിൽപ്പൂ.അസ്ന

# ഗാന്ധിജിയുടെ പ്രസിദ്ധമായ പ്രസംഗത്തിൽ നിന്ന്

ബനാറസ് ഹിന്ദു സർവകലാശാലയിലെ പ്രഭാഷണത്തിൽ നിന്ന് ഠഅഭിവന്ദ്യരെ, ഈ നാട്ടിലെവിടെയെങ്കിലും ,ബ്രിട്ടീഷിന്ത്യയിലായാലും നാട്ടുരാജ്യത്തായാലും ഒരു കൊട്ടാരം ഉയരുന്നുവെന്നു കേൾക്കുമ്പോൾ സത്യത്തിൽ ഞാനസ്വസ്ഥനാവും - ഈശ്വരാ പാവപ്പെട്ട കൃഷിക്കാരുടെ പണമാണല്ലോ ഇത് വിചാരിക്കുകയും ചെയ്യും.ഈ നാട്ടിൽ എഴുപത്തഞ്ചു ശതമാനത്തിലധികവും കൃഷിക്കാരാണ്.ഇന്നലെ തന്റെ മനോഹര ശൈലിയിൽ മി.ഹിഗിൻ ബോതം പറഞ്ഞതുപോലെ ഒരില രണ്ടിലയാകുന്നത് അവരുടെ കഠിനധ്വാനമാണ്.ആ ഫലം നമ്മൾ കവർന്നെടുക്കാൻ മറ്റുള്ളവരെ അനുവദിക്കുകയോ ചെയ്താൽ സ്വയം ഭരണത്തിനുള്ള ചൈതന്യം നമ്മിൽ വളരെ ഉണ്ടാവില്ല.നമ്മുടെ മോക്ഷ മാർഗം കർഷകരാണ്. ഡോക്ടർമാരോ,വക്കീലന്മാരോ,പണകൊഴുപ്പുള്ള ഭൂവുടമകളോ അല്ല.

**ഹസ്സൻ മുഹമ്മദ്**

# അമ്മ മാലാഖ

**കിരൺ 9 വയസ്സുള്ള കുട്ടിയാണ്.അവന് 5 വയസ്സുള്ളപ്പോഴായിരുന്നു അഛന്റെ മരണം.അവനെ വളർത്താൻ അവന്റെ അമ്മ കഠിനമായ ജോലികൾ ചെയ്തിരുന്നു.ഒരു ദിവസം പെട്ടെന്ന് അവന് ശ്രക്ഷമായ പനി വന്നു.അവന്റെ അമ്മ അടുത്തുള്ള ആശുപത്രിയിൽ പ്രവേശിപ്പിച്ചു.കിരണിന്റെ 2 കിഡ്ണിയും തകരാറിലായെന്ന് ഡോക്ടർമാർ കണ്ടെത്തി.അവന്റെ ജീവൻ അപകടത്തിലായി.കിരണിന്റെ രക്തംഅവന്റെ അമ്മയുടെ രക്തവുമായി ചേർച്ചയുള്ളതാണ്.പെട്ടെന്ന് അവനെ അവർ മെഡിക്കൽ  കോളേജിൽ കിഡ്ണി മാറ്റി വെക്കൽ ശാസ്ത്രക്രിയയ്ക്ക് പ്രവേശിപ്പിച്ചു.അതൊരപകടവും കൂടാതെ നടത്തി.കിരൺ  തന്റെ അമ്മയെ കെട്ടിപ്പിടിച്ചുമ്മ കൊടുത്തു കൊണ്ട് പറഞ്ഞു ''വളരെ നന്ദിയുണ്ട് അമ്മേ"അമ്മയ്ക്ക് സന്തോഷം അടക്കി പിടിക്കാൻ കഴി ഞ്ഞില്ല.പിന്നീടവർ രണ്ടുപേരും സന്തോഷമായി വളരെ കാലം ജീവിച്ചു.**

**-എമിൻ**



# അമ്മ



സൂര്യനു മുൻപ് ഉറക്കമുണരുന്ന,

ദിവ്യ പ്രകാശമാണമ്മ

ആദ്യാക്ഷരം ചൊന്ന

അറിവിൻ ഗുരുവാണെന്നമ്മ

സ്നേഹത്തിൻ കിരണം

ചൊരിയുന്ന വാത്സല്യനിധി
യാണെന്നമ്മ

ഞാനൊന്നു വാടിയാൽ

നെഞ്ചം പിടയുന്ന


സ്നേഹത്തിൻ ഗോപുരമാണെന്നമ്മ

ഗംഗ ദേവി ബി. എസ്

# നല്ല സുഹൃത്തുക്കൾ

രാമുവും ഗോപുവും എന്ന് പേരുള്ള രണ്ട് സുഹൃത്തുക്കൾ ഉണ്ടായിരുന്നു.ദിവസവും രാവിലെ രണ്ടുപേരും മീൻപിടിത്തത്തിനായി കടലിലേക്ക് പോകുമായിരുന്നു.ഒരു ദിവസം രാമുവിന് നാലു മീനും ഗോപുവിന് രണ്ട് മീനും കിട്ടി.ഗോപു മീൻ കുറഞ്ഞ സങ്കടത്തിലായിരുന്നു.ഗോപുവിന്റെ സങ്കടം മാറ്റാൻ വേണ്ടി രാമു ഗോപുവിന് ഒരു മീൻ നൽകി അങ്ങനെ രണ്ട് പേരും സന്തോഷത്തോടുകൂടി വീട്ടിലേക്ക് മടങ്ങി.

റായിഫ സുൽത്താന കെ.എസ



# മഴയും കിളിയും




മഴയൊരു കുളിരായി പെയ്യുന്നു

മരമൊരു കുടയായി നിൽക്കുന്നു

ഇത്തിരി പോലും നനയാതെ

കിളികൾ കൊമ്പിലിരിക്കുന്നു

ഇടിയുടെ നാദം കേൾക്കുന്നു

പക്ഷികൾ ഞെട്ടിവിറക്കുന്നു

**ഗംഗാദേവി**

# നീന്തിക്കളിക്കാം ഓടിക്കളിക്കാം

**കൊമ്പുള്ള മാവിൽ ചാടിക്കളിക്കാം**
**തെയ് തോം തക തെയ് തോം**
**തക മാങ്ങപറിക്കാം പുളിപറിക്കാം**
**തെയ് തോം തക തെയ് തോം**

**റായിഫസുൽത്താന**

# ഇന്ത്യൻ ദേശീയത

ആർഷ ഭാരത സംസ്കാരമാണ് നമ്മുടെദേശീയതയുടെഅടിസ്ഥാനം.വൈവിധ്യമാർന്ന സംസ്കാരങ്ങളുടെ സമ്പന്ന ഭൂമിയാണ് നമ്മുടെ നാട്.ആയിരക്കണക്കിന് ഭാഷകളും,ജാതികളും,വർഗ്ഗങ്ങളും ഉള്ള നാം വളരെ സഹവർത്തിത്തത്തോടെയാണ് ജീവിക്കുന്നത്.മഹാന്മാരായ ഋഷിവര്യന്മാരാലും,കലാകാരന്മാരാലും,കവികളാലും,രാജാക്കന്മാരാലും നിർമ്മിതമായതാണ് നമ്മുടെ ഭാരതം.രാമായണവും,മഹാഭാരതവും,

വേദങ്ങളും,ഉപനിഷത്തുകളുമാണ് നമ്മുടെ ദേശീയതയുടെ ആണിക്കല്ല്.

നമ്മുടെ പുരോഗതിയുടെ പൈതൃകസ്വത്താണ് സിന്ധുനദീതട സംസ്കാരം.ആധുനിക ഭാരതത്തിന്റെ പുനർനിർമ്മാണത്തിന്റെ അടിത്തറയാണ് പ്രാചീന സംസ്കാരം .യുദ്ധങ്ങളും,രാജവാഴ്ചകളും,നമ്മുടെ നാടിനെ ഭിന്നിപ്പിക്കുകയും കച്ചവടത്തിനെത്തിയ വിദേശികൾ

ഇന്ത്യയിൽ സ്വാധീനം ചെലുത്തുകയും,അങ്ങനെ ബ്രിട്ടീഷുകാർ ഇന്ത്യയെ കീഴടക്കുകയും ചെയ്തു.

പിന്നീട് വർഷങ്ങൾ നീണ്ട ബ്രിട്ടീഷ് ഭരണത്തിന് ശേഷം ഓരോ ഇന്ത്യക്കാരനും, ഒരേ മനസ്സോടെ പ്രവർത്തിക്കുകയും,വളരെയേറെ രക്തസാക്ഷികളുടെ

ജീവൻ നൽകി വർഷങ്ങൾ നീണ്ട ബ്രിട്ടീഷ് ഭരണത്തിന് ശേഷം 1947 ആഗസ്റ്റ് 15 ന് ഇന്ത്യ

സ്വതന്ത്രമായി. ദേശീയ ഗാനവും,ദേശീയ പതാകയും,

നമ്മുടെ ദേശീയതയുടെ പ്രതീകമാണ്.വിദ്യാഭ്യാസ,

ശാസ്ത്ര,സാങ്കേതിക,സാമ്പത്തിക മേഖലകളിൽ

**മുന്നേറുകയും ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായി മാറുകയും ചെയ്തു.ഐക്യവും,**

**അഖണ്ഡതയുമാണ് ഇതിന് ആധാരം.**

**ഗംഗ ദേവി ബി.എസ്.**





# ആപ്പിൾക്കള്ളൻ




കിട്ടു മുയലിന്റെ ആപ്പിൾ മരത്തിൽ ആപ്പിളുകൾ വളർന്നു . അതു നാളെ പറിക്കാമെന്ന് കിട്ടു കരുതി .അന്ന് രാത്രി കള്ളനായ മിച്ചുക്കുറുക്കൻ ആപ്പിൾ

മരത്തിന്റെ അടുത്ത് എത്തി. മിച്ചുകുറുക്കൻ ആരും കാണാതെ

ആപ്പിൾ പറിച്ചുകൊണ്ടു പോയി .ആപ്പിൾ ചന്തയിൽ കൊണ്ടു

പോയിവിൽക്കാം എന്നു കരുതി മിച്ചുക്കുറുക്കൻ ആപ്പിളുമായി നടന്നു പോകുന്ന വഴി മിച്ചുക്കറുക്കൻ കല്ലിൽ തട്ടി വീണു.കല്ലിൽ തട്ടി വീണു കിടന്ന മിച്ചുവിനെ കിട്ടു പിടികൂടി

പിന്നീട് മിച്ചു കക്കാൻ പോയിട്ടില്ല.

**ആദില മുഹമ്മദാലി**

# ആശ്രയം

വളരട്ടെ വളരട്ടെ

തളിർക്കട്ടെ പൂക്കട്ടെ

കായ്കൾ നിറയട്ടെ

പഴുക്കട്ടെ തിന്നട്ടെ

തൃപ്തിയേകട്ടെ

സ്നേഹം പകരട്ടെ

മാറ്റങ്ങളേറട്ടെ

ദേശം പുകഴ്ത്തട്ടെ

ജീവിത സ്നേഹം നിറയട്ടെ

സുഗന്ധം വീഴുന്ന

പുഷ്പം വിടരട്ടെ

ആശ്രയമാണെന്ന് കരുതട്ടെ......

**അശ്വതി**

# മരക്കാപ്പിലെ തെയ്യങ്ങൾ




ആഗോളീകരണത്തിന്റെ  ഏകശാസനത്തിൽ ഞെരുക്കപ്പെടുന്ന നാട്ടുതനിമകളും,നാട്ടുചരിതങ്ങളും വരവിളി പോലെ ദേശാന്തരീക്ഷത്തിൽ അലയുന്ന എല്ലാം ഉപഭോകച്ചരക്കാകുമ്പോൾ വാമൊഴി  ചരിത്രത്തിന്റെ കേൾവിപ്പെരുമകളിൽ നിന്ന് വീണ്ടെടുപ്പുകൾക്കായി ചില കാതോർക്കലുകൾ ഉണ്ടാകുന്നു.ആധുനിക ജീവിതത്തിന്റെപ്രതിസന്ധികളും പ്രതിരോധങ്ങളും എഴുതപ്പെടാത്ത ദേശചരിത്രങ്ങളും രേഖപ്പെടുത്തുന്ന നോവൽ പ്രമേയത്തിലും രൂപഘടനയിലും വ്യത്യസ്തത  പുലർത്തുന്നു ഈ കൃതി.

ഗംഗ ദേവി ബി.എസ്

# NATURE



**Nature.....Nature... is the precious gift from God.The trees,flowers,animals,rivers etc are heart breaking scenes.It capture our eyes and heart.It is an unforgetable visual.Nature..... Nature.... so beauty.Many visuals are in the nature. It is like a book which contains all things in the world. When we open the book we will feel blessed.**

Ganga devi B.S

# SAILOR

**Roco was a sailor.One day he decided to go to a distant land.His wife was sad.She made a salty salad for him before he left.On the way Roco threw the fishing net into the sea to catch fish.A sack got caught in the net.It was full of Gold.He kept the gold safe in a chest.He lived with his wife happily ever after.**

**Ganga devi.B.S**

# TAGORE



**Rabindranath Tagore was born in Bengal in 1861.He was a philosopher ,poet and one of the leader of Indian renaissance. He was the founder of Santhinikethan. Besides Nobel price**

**he had to his credit many acheivements, distinctions and fellowships.He died in 1947.**

**ഫാത്തിമത്തുൽ സുഹറ**

# Mommy,I Love YOU

**Mommy I know you love me**

**By the way you show you care.**

**You hug me and talk to me softly**

**When I need you,you are always there**




**Mommy,I will love you always**

**From my heart, I want to say**

**I am so glad you are my mommy;**

**I Love you Mommy.**

Ganga devi B.S



# അപ്പുവിന്റെ ആഗ്രഹം



ഒരിടത്ത് അപ്പു എന്ന ഒരു കുട്ടിയുണ്ടായിരുന്നു.

അവന് ജാനകി എന്ന ഒരു അമ്മയും.അവന് അച്ഛനില്ലാ

യിരുന്നു.അവന്റെ അമ്മ അവനെ വളർത്താൻ വളരെ കഷ്ട

പ്പെട്ടിരുന്നു. അവർ പല ജോലികളും ചെയ്തിരുന്നു. അപ്പു

വിനെ സ്കൂളിൽ ചേർത്തു. അവൻ ഇപ്പോൾ നാലാം ക്ലാസ്സിലാണ്.

ഒരിക്കൽ അപ്പുവിന്റെ ക്ലാസ്സിൽ ഒരു വലിയ ഒരു ചിത്ര

കാരൻ വന്നു. എന്നിട്ട്  ഒരു ചിത്രരചന മത്സരം നടത്തി.

അതിൽ അവൻ വരച്ചത് ഒരു സ്ത്രീയേയാണ്. അത്

ആരാണെന്ന് ചോദിച്ചപ്പോൾ "അത് എന്റെ അമ്മയാണ് "

എന്ന് അവൻ പറഞ്ഞു. അവന് ഒന്നാം സ്ഥാനം കിട്ടി. പിറ്റേ ദിവസം

അവൻ അമ്മയോട് പറഞ്ഞു, "അമ്മേ, എനിക്ക് പടം

വരക്കാൻ പഠിക്കണം".  അപ്പോൾ അമ്മ പറഞ്ഞു , "നമ്മുക്ക്

ഇതിനൊന്നും പണം ഇല്ല. മോൻ തന്നെ വരച്ച് പഠിച്ചോ".

ശാഠ്യം പിടിച്ചിട്ട് കാര്യമില്ലായെന്ന്  അവനറിയാമായിരുന്നു.

പിന്നീട് അവൻ സ്കൂളിൽ ചെന്നപ്പോൾ കേട്ടത് അവനെ

സൗജന്യമായി ചിത്ര  രചന പഠിപ്പിക്കാമെന്ന അധ്യാപകന്റെ വാക്കുകളാണ് .
ഇത് കേട്ട് അവൻ സന്തോഷം കൊണ്ട് തുള്ളിച്ചാടി.

പിന്നീട് അപ്പു എന്ന കുട്ടി വളർന്ന് വലിയൊരു ചിത്രകാരനായി മാറി.

ആദില മുഹമ്മദ്

# അമ്മ എന്ന സ്നേഹം




എൻ ഹൃദയത്തിൽ തെളിഞ്ഞ
ഒരു തിരി ദീപമാണമ്മ
തൻ പ്രാണൻ എനിക്കായ് പങ്കിട്ട
സ്നേഹനിധിയാണമ്മ

നിൻ സ്നേഹമാകുന്ന അഖിലസാഗരത്തിൽ
ഒരു വെണ്ണപ്പോൽ ഞാൻ അലിഞ്ഞുപോയി
നിൻ കരുണയും കാരുണ്യവുമായിരുന്നു
എന്നെന്നും എന്റെ ജീവിത വിജയം.

നിന്നെ പകർത്താൻ ശ്രമിച്ചൊരുനാൾ
കഴിയുന്നില്ലമ്മേ, ഞാൻ തളർന്നു പോയി
നിന്നിൽ നിന്നും നിറഞ്ഞൊഴുകുന്ന
വാത്സല്യത്തിൽ ഞാൻ സ്വയം മറന്നിരുന്നു.

## നീ എൻ അരികിൽ ഉള്ളപ്പോൾ

പീപോലെ ശോഭിക്കും എൻ ഹൃദയം

നീയാണെൻ കരുത്തും വിജയവുമെല്ലാം

നിത്യവും അമ്മേ....നിന്നെ

**ദേവൻ**




# പത്തിരിപ്പാത്തു

പത്തായം തന്നിലെ  നെല്ല്
കുത്തിയരിയാക്കി  കൊച്ചുപാത്തു
മാത്തച്ചൻ ചേട്ടന്റെ മില്ലിലെത്തി
പത്തിരിക്കായിപ്പൊടിച്ചെടുത്തു
കുത്തിയിരുന്നു കുഴച്ചെടുത്തു
കത്തുന്ന തീയിൽ ചുട്ടെടുത്തു
കുട്ടികളെ അടുത്തിരുത്തി
പത്തിരി തീറ്റി രസിച്ചു പാത്തു

**റായിഫ സുൽത്താന**

# GURU



**Elimination of the caste system was the Primary aim of Guru's Social activities . He toiled for communal harmony . He stood for 'One caste, one religion, One god for man' what ever be the religion, men should be good. This was his message . He created awareness against the evil customs like 'pulikudi' ' Thirandukalayanam' and 'thalikettukalyanam' He advised people to lead a simple life by giving up extravagance and luxuary . The SNDP was founded in 1903 to propagate the teachings of Guru.**

**The consecrations carried out by Sree Narayana Guru shook the foundations of the caste system.**

**The contributions of Guru in the field of social renaissance won the appreciation of Mahatma Gandhi and Ravindranath Tagore.**

അസ്ലിയ



# വണ്ടർ കാർ

തലമുടിനാരിന്റെ  ആയിരത്തിലൊന്ന് മാത്രം വലുപ്പമുള്ള ഒരു കാർ നിർ
മ്മിച്ചതിനാണ്കഴിഞ്ഞവർഷംനോബൽസമ്മാനം ലഭിച്ചത്.കാറിന്റെ
പേര്മൊളികൃലാർ വെഹിക്കിൽ.ഈ കാറിന്റെ നാലു ടയറുകൾഉണ്ടാക്കിയിട്ടുള്ളത്
തന്മാത്രകൾ കൊണ്ടാണ്.ആവശ്യമുള്ളസമയത്ത് ജെസിബി പോലെയുംടീച്ചർ
പോലെയുംപ്രവർത്തിക്കുന്നഇ കാർശരീരത്തിനകത്തുകൂടി ഓടിഅദ്ഭുതങ്ങൾ
സൃഷ്ടിക്കുന്നു.ആരോഗ്യരംഗത്തുവിപ്ലവവുംസെല്ലുകളെച്ചുരണ്ടിയെടുക്കാവുന്നഈ
ഉപകരണംചികിത്സാലോകത്തിലെസൂക്ഷ്മതയുടെപര്യായമായി മാറാൻപോകുന്നു



# ഹസ്സൻ മുഹമ്മദ്

# പഴഞ്ചൊല്ലുകൾ:

*എല്ലു മുറിയെ പണി ചെയ്താൽ പല്ല് മുറിയെ തിന്നാം.

*പയ്യെ തിന്നാൽ പനയും തിന്നാം.

*ഒത്ത് പിടിച്ചാൽ മലയും പോരും.

*അകത്തിട്ടാൽ പുറത്തറിയും.

*എലിയെ പേടിച്ച് ഇല്ലം ചുടുക.

*ഓടുന്ന പട്ടിക്ക് ഒരു മുഴം മുമ്പെ.

*കാശില്ലാത്തവൻ കാശുക്കു പോകേണ്ട.

*അരിയെറിഞ്ഞാൽ ആയിരം കാക്ക.

*അങ്ങാടിയിൽ തോറ്റതിന് അമ്മയോട്.

*അകത്തു കണ്ടത് പുറത്തു കാണില്ല.

*ആട് കിടന്നിടത്ത് പൂട പോലുമില്ല.

*കരയുന്ന കുഞ്ഞിനെ പാലുള്ളു.

## എമിൻ

# Guglielmo Giovanni Maria Marconi [1874-1937]



**Guglielmo Marconi, the Italian inventor and electrical engineer was born on 25 April 1874 in Bolonga, Italy. He had his education in Bedford school and University of Liverpool. He is known for his pioneering work on long-distance radio transmission and for his development of Marconi's law and a radio telegraph system. He shared the 1909 Nobel prize in Physics with Karl Ferdinand Braun in recognition of their contributions to the development of wireless telegraph. He was awarded IEEE Medal of Honour. In 1929, the king of Haly ennobled Marconi as a Marchese[Marquis]. He died on 20 July 1937, at Rome, Italy.**

**ആരിഫ്**

# DIWALI




**Diwali or Divali means a row of lamps and so this festival is known as the festival of light. Divali falls on the 15th day in the month of karthic. The national festival is celebrated with lights. Crackers, sweets, feasts and music. People buy new utensils and holy objects. They believe that these items will help them keep away evil and ill-health for the whole year.**

**അസ്ലിയ**




# അമ്മ

അമ്മാ..........അമ്മാ

പ്രപഞ്ച സത്യമാണമ്മാ.....

സൂര്യനുമുൻപേ ഉറക്കമുണരുന്ന

സ്നേഹപ്രകാശമാണമ്മ

കനിവിൻ ത്യാഗമാണമ്മ

തീരാത്ത സ്നേഹമാണമ്മ

നീയൊന്നു വാടുമ്പോൾ

തണലായി മാറുന്ന

സ്നേഹമാണമ്മ......

വാത്സല്യ രാരിരം ചുണ്ടിൽ വിരിയുന്ന

കൺകണ്ട ദൈവമാണമ്മ

താരാട്ടുപാട്ടിന്റെ ഈണം

പകരുന്ന സ്നേഹമാ-

ണെനിക്കമ്മ

അമ്മാ.........അമ്മാ......

സ്നേഹ വാത്സല്യമാണമ്മ.

**അബൂബക്കർ**

# അമ്മയാണെല്ലാം

എന്റെ ഓരോ ചലനങ്ങളും  അറിയുന്ന
എന്റെ ജീവിതത്തിന്റെ എല്ലാ നഷ്ടങ്ങളിലും
തകർച്ചയിലും ഉയർച്ചയിലും എന്നോടൊപ്പം
എന്റെ കൂടെ ഉണ്ടായിരുന്ന അമ്മ.
ഇന്നും എന്നും  എന്റെ കൂടെ
എന്റെ അമ്മയുടെ സ്നേഹമാണ്
എനിക്ക്  തണലായി വരുന്നത്
എന്റെ അമ്മ എന്റെ കൂടെയുണ്ട്
എനിക്ക് ശക്തിയേകുവാൻ ഉണർവേകാൻ
എനിക്ക് എല്ലാമെല്ലാമാണ് എന്റെ അമ്മ.

**ആര്യലക്ഷ്മി**

**പത്ത് എ**

# പുതുവർഷം



പുതുവർഷം എല്ലാവർക്കും നല്ലൊരു നാളേക്കുള്ള തുടക്കമാണ്.കഴിഞ്ഞപോയ വർഷത്തിൽ ചെയ്ത എല്ലാ തെറ്റുകളും തിരുത്തി പുതിയൊരു ജീവിതത്തിലേക്കുള്ള തുടക്കംകൂടിയാണ്.നാം നമ്മുടെ ജീവിതത്തിലെ ഒരു വർഷം എങ്ങനെ വിനിയോഗിച്ചുവെന്നും പുതിയവർഷം എങ്ങനെ വിനിയോഗിക്കണം എന്നും ചിന്തി ക്കാനുള്ള അവസരമാണ് പുതിയ വർഷം.പുതുവർഷം ആഘോഷിക്കുന്നതിനോടൊപ്പം ഓരോ കുട്ടിയും ഒരു പുതിയ തുടക്കത്തിനു വേണ്ടി ആഗ്രഹിക്കുകയുംവേണം.എല്ലാവർക്കും നല്ലൊരു പുതുവർഷം ആശംസിച്ചു കൊണ്ട്............

**ആര്യലക്ഷ്മി**

# ഗംഭീര ഗിങ്കോ!

## വരൾച്ച വന്നാലും കീടങ്ങൾ ആക്രമിച്ചാലും കുലുക്കമില്ല!



ആയിരത്തിലേറേ വർഷം ജീവിക്കുന്ന ഒരു മരമാണ് ഗിങ്കോ മരം.യാതൊരു കേടുമില്ലാതെ എങ്ങനെയാണ് ഇത്രയേറേ കാലം നിലനിൽക്കാനാകുന്നത് എന്നായിരുന്നു ഗവേഷകരുടെ ഇതുവരെയുള്ള സംശയം.ഒടുവിൽ അവരതിന് ഉത്തരവും കണ്ടെത്തി.ഒരുതരം രാസവസ്തു ഉൽപാദിപ്പിച്ചാണ് ഇവ സ്വന്തം 'ശരീരം' കീടങ്ങളിൽ നിന്നും കാലാവസ്ഥാ പ്രശ്നങ്ങളിൽ നിന്നും രക്ഷിച്ചെടുക്കുന്നത്.സാധാരണഗതിയിൽ ചെടികളുടെ ഇലകൾക്കും തണ്ടിനുമെല്ലാം ഒരു നിശ്ചിതഘട്ടമെത്തിയാൽ മുന്നോട്ട് വളർച്ചയുണ്ടാകില്ല.സസ്യങ്ങളിലെ ചിലയിനം ജീനുകളാണ് വളർച്ചയെ തടസ്സപ്പെടുത്തുന്നത്.ചെടികളുടെ വളർച്ചയെ 'സ്വിച്ച് ഓഫ്' ചെയ്യുന്ന അത്തരം ജീനുകൾ ഗിങ്കോയിൽ ഇല്ലെന്നും ഗവേഷകർ കണ്ടെത്തി.

ഏകദേശം 27 കോടി വർഷം മുൻപുമുതൽ ഗിങ്കോ മരങ്ങൾ ഭൂമിയിൽ ഉണ്ടന്നാണ് ഫോസിൽ പഠനങ്ങൾ സൂചിപ്പിക്കുന്നത്.ചൈനയാണ് ജന്മദേശം.ശരത്ക്കാലത്ത് മഞ്ഞനിറത്തിലുള്ള ഇലകളും പൊഴിച്ച് പാതയോരത്ത് നിൽക്കുന്ന ഇവ കണ്ണിനു കുളിർമയേകുന്ന കാഴ്ചയുമാണ്.ചൈനയിലെ പാർക്കുകളിലും മറ്റും ഇത് സുലഭമാണ്.എന്നാൽ വളരെ പതുക്കെ വളരുന്ന ഈ വമ്പൻ മരം കാട്ടുകൊള്ളക്കാരുടെ മഴവിനിരയാകുന്നത് പതിവാണ്.






സെന്റ് ജോൺസ് എച്ച് എസ്എസ്,പുളിന്താനം